**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4659** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളിൽ നിന്നും ഈടാക്കുന്ന അധിക കെട്ടിടനികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽനിന്നും മൂന്നിരട്ടി കെട്ടിടനികുതി ഈടാക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സി.ആർ.ഇസഡ്. നിയമം ലംഘിച്ച് പണിതിട്ടുള്ളതും, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും ബന്ധപ്പെട്ട മറ്റ് നിയമങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ- 'നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ' പ്രകാരം, പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കി നിയമാനുസൃതമല്ലാത്ത കെട്ടിട നമ്പർ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.അപ്രകാരമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ അധിക നിരക്കിലുള്ള വസ്തുനികുതി ഈടാക്കി വരുന്നുള്ളൂ. കൂടാതെ നിയമാനുസൃതമല്ലാത്ത കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ്-235 ഡബ്ല്യു പ്രകാരം പൊളിച്ചു മാറ്റുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. താൽക്കാലിക നമ്പർ നൽകി അധിക നികുതി ഈടാക്കുന്നത് പ്രസ്തുത കെട്ടിടങ്ങളെ മേൽ വ്യവസ്ഥ പ്രകാരം പൊളിച്ചു കളയുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. തീരദേശങ്ങളിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ മത്സ്യ ത്തൊഴിലാളികൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരമുള്ള നികുതി പഞ്ചായത്ത് വകുപ്പ് ഈടാക്കി വരുന്നുണ്ട്. നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള അനധികൃത നിർമ്മാണം കുറച്ചുകൊണ്ട് വരുന്നതിനുവേണ്ടിയാണ് 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ' പ്രകാരം അധിക നികുതി ഈടാക്കി |

| | | | |
|---|---|---|---|
| | | | വരുന്നത്.ആയതിന് ഇളവുകൾ അനുവദിച്ച നൽകുന്നത് അനധികൃത നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നതാണ്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ച്, നിലവിൽ ഈടാക്കുന്ന മൂന്നിരട്ടി കെട്ടിട നികുതി ഒഴിവാക്കി നൽകുന്നതിന് പഞ്ചായത്ത് വകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) | സി.ആർ.ഇസഡ്. നിയമം ലംഘിച്ച് പണിതിട്ടുള്ളതും, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും ബന്ധപ്പെട്ട മറ്റ് നിയമങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ- 'നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ' പ്രകാരം, പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമായി നിർമ്മിച്ചിരുന്നു വെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കി നിയമാനുസൃതമല്ലാത്ത കെട്ടിട നമ്പർ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.അപ്രകാരമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ അധിക നിരക്കിലുള്ള വസ്തുനികുതി ഈടാക്കി വരുന്നുള്ളൂ. കൂടാതെ നിയമാനുസൃതമല്ലാത്ത കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ്-235 ഡബ്ല്യു പ്രകാരം പൊളിച്ചു മാറ്റുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. താൽക്കാലിക നമ്പർ നൽകി അധിക നികുതി ഈടാക്കുന്നത് പ്രസ്തുത കെട്ടിടങ്ങളെ മേൽ വ്യവസ്ഥ പ്രകാരം പൊളിച്ചു കളയുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. തീരദേശങ്ങളിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ മത്സ്യ ത്തൊഴിലാളികൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരമുള്ള നികുതി പഞ്ചായത്ത് വകുപ്പ് ഈടാക്കി വരുന്നുണ്ട്. നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള അനധികൃത നിർമ്മാണം കുറച്ചുകൊണ്ട് വരുന്നതിനുവേണ്ടിയാണ് 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ' പ്രകാരം അധിക നികുതി ഈടാക്കി വരുന്നത്.ആയതിന് ഇളവുകൾ അനുവദിച്ചു നൽകുന്നത് അനധികൃത നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ